"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ വകുപ്പിൽ കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.സിജു ജെ.യ്ക്ക് ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ സെക്ഷൻ 20 (4) -ലെ ആനുകൂല്യം നൽകി സീനിയർ സഹകരണ ഇൻസ്പെക്ടറുടെ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.1/2026/Co-Op  തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. 2016 -ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമം
2. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-'23) മുമ്പാകെ ശ്രീ. പി. ജയദേവൻ, കൊല്ലം സമർപ്പിച്ച 14/12/2021 ലെ പുനഃപരിശോധനാഹർജി
3. സഹകരണ സംഘം രജിസ്ട്രാറുടെ 15/8/2025 തീയതിയിലെ RCS/9368/2025-EA(1) നമ്പർ കത്ത്

<u>**ഉത്തരവ്**</u>

കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന തന്റെ മകൻ ശ്രീ.സിജു ജെ. ഭിന്നശേഷിക്കാരനായതിനാൽ തന്റെ മകന് ഭിന്നശേഷി അവകാശ സംരക്ഷണ നിയമ പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അനുയോജ്യമായ തസ്തികയിൽ കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള നിയമസഭയുടെ സ്ത്രീകളുടേയും ട്രാൻസ് ജെന്ററുകളുടേയും കുട്ടികളുടേയും ഭിന്ന ശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. പി. ജയദേവൻ പരാമർശം (2) പ്രകാരം പുനഃപരിശോധനാ ഹർജി സമർപ്പിച്ചിരുന്നു.

2. ശ്രീ. സിജു ജെ. 03.07.2009-ന് കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 06.02.2014 ൽ ടിയാന് സീനിയർ ക്ലർക്കായും 12.02.2015ൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഓഡിറ്ററായും ഉദ്യോഗകയറ്റം ലഭിക്കുകയുണ്ടായി. ശാരീരിക അവശത നേരിടുന്ന ശ്രീ. സിജു

കാലുകൾക്ക് പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടിട്ടുള്ളയാളാണെന്നും കൈകൾക്ക് നാമമാത്ര ചലന ശേഷി മാത്രമാണുള്ളതെന്നും പരസഹായമില്ലാതെ സംഘങ്ങളിൽ ഓഡിറ്റിനു പോകുന്നതിനും രജിസ്റ്ററുകൾ എടുത്ത് പരിശോധിക്കുന്നതിനും ഓഡിറ്റ് നടത്തുന്നതിനും ടിയാന് ബുദ്ധിമുട്ടുകൾ നേരിടുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു. ജൂനിയർ കോ-ഓപ്പറേറ്റീവ് ഓഡിറ്റർ തസ്തികയിൽ ശ്രീ. സിജു ജെ. യുടെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് റിവേർഷൻ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ശ്രീ.സിജു ജെ. -യെ സമാന ശമ്പള സ്കെയിലിലുള്ള കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തികയിൽ അനുയോജ്യമായ തസ്തികയിൽ നിയമനം നൽകുന്നതിനും ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശ്രീ.സിജുവിന് ലഭ്യമാക്കേണ്ടതാണെന്ന് ഉറപ്പുവരുത്തുന്നതിനും സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3) പ്രകാരം 2016 -ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അംഗപരിമിതൻ എന്ന നിലയിൽ 20(4) വകുപ്പ് അനുശാസിക്കുന്ന പ്രകാരമുള്ള സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചു നൽകുവാനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-ലെ The Rights of Persons With Disabilities Act-ലെ വകുപ്പ് 20 ഉപവകുപ്പ് (4)-ലെ വ്യവസ്ഥകൾ പ്രകാരം വൈകല്യം സംഭവിച്ചതിന് ശേഷം, ഒരു സർക്കാർ ജീവനക്കാരന്, അയാൾ നേരത്തെ ജോലി ചെയ്തു വന്നിരുന്ന തസ്തിക അനുയോജ്യമല്ല എന്ന് സർക്കാർ തന്നെ കണ്ടെത്തുന്ന പക്ഷം, സർക്കാർ അയാളെ സമാന ശമ്പള സ്കെയിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്; ഏതെങ്കിലും ജീവനക്കാരനെ അപ്രകാരം മാറ്റുന്നതിന് അനുയോജ്യമായ യാതൊരു തസ്തികയും നിലവിലില്ലാത്ത പക്ഷം, അനുയോജ്യമായ ഒരു തസ്തിക ലഭ്യമാവുന്നത് വരെയോ അല്ലെങ്കിൽ പ്രസ്തുത ജീവനക്കാരൻ വിരമിക്കുന്നത് വരെയോ, ഏതാണോ ആദ്യം, അത് വരെ, ഒരു സംഖ്യാതീത തസ്തികയിൽ (supernumerary post) ടിയാനെ നിലനിർത്തേണ്ടതാണെന്ന് ടി ഉപവകുപ്പ് (4)-ലെ രണ്ടാം ക്ലിപ്തനിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

4. മേൽ സാഹചര്യത്തിൽ, സഹകരണ വകുപ്പിൽ കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.സിജു ജെ.യ്ക്ക് തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത തരത്തിൽ ശാരീരിക അവശത നേരിടുന്ന സാഹചര്യത്തിൽ, The Rights of persons with disabilities Act 2016, സെക്ഷൻ 20 (4) - ലെ വ്യവസ്ഥ പ്രകാരം ടിയാന്റെ ശമ്പളവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് ടി ജീവനക്കാരന്റെ വിരമിക്കൽ തീയതിവരെ പ്രസ്തുത ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടറുടെ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സെക്രട്ടറി

ശ്രീ.സിജു ജെ., സീനിയർ സഹകരണ ഇൻസ്പെക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് ,കൊല്ലം (സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) , കൊല്ലം (സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ {(ഓഡിറ്റ്), (എ&ഇ)} കേരള, തിരുവനന്തപുരം

പൊതുഭരണ (എസ് സി) വകുപ്പ് (07/01/2026-ലെ ഇനം നം.3523 മന്ത്രി സഭായോഗ തീരുമാന പ്രകാരം )

ഇൻഫർമേഷൻ പബ്ലിക് റിലേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

ധനകാര്യ വകുപ്പ്

സാമൂഹ്യനീതി വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/274/2020സഹ)

ഉത്തരവിൻ പ്രകാരം
Signed by
Jithesh B K
സെക്ഷൻ ഓഫീസർ
Date: 09-01-2026 10:38:10

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2026

ഫയൽ നം. എ2/274/2020/സഹ. ഇനം നം: 3523

വിഷയം : സഹകരണ വകുപ്പ് - കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ. സിജു. ജെ-യ്ക്ക് ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യം നൽകി ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സഹകരണ വകുപ്പ്.

08/01/2026

AS

3523

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | | ഫയൽ നമ്പർ | : എ 2/274/2020/സഹ. |
| 2 | | വകുപ്പ് | : സഹകരണ (എ) വകുപ്പ് |
| 3 | | വിഷയം | : സഹകരണ വകുപ്പ് - കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.സിജു ജെ.യ്ക്ക് ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യം നൽകി ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4 | | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 25/12/2025 |
| 5 | (i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : ഉണ്ട്. |
| | (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്. : |
| 6 | | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്. : |
| 7 | | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ.അജി ഫിലിപ് |
| 8 | | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ഡോ. വീണ എൻ. മാധവൻ |
| 9 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03/01/2026 |
| 10 | | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. എ. ജയതിലക്. |
| 11 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 05/01/2026 |
| 12 | | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.വി.എൻ. വാസവൻ |
| 13 | | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 05/01/2026 |
| 14 | | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 06/01/2026 |
| 15 | | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : 07.01.2026 |
| 16 | | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : 08.01.2026 GO (Ms) No 1/2026/Co-op |

<u>മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്</u>

സഹകരണ വകുപ്പിൽ കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.സിജു ജെ.യ്ക്ക് തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത തരത്തിൽ ശാരീരിക അവശത നേരിടുന്ന സാഹചര്യത്തിൽ, ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ സെക്ഷൻ 20(4) ലെ ആനുകൂല്യം നൽകി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. ശ്രീ. സിജു. ജെ., 03.07.2009–ന് കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. 06.02.2014 ൽ ടിയാന് സീനിയർ ക്ലർക്കായും 12.02.2015 ൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഓഡിറ്ററായും ഉദ്യോഗകയറ്റം ലഭിക്കുകയുണ്ടായി. 90% ശാരീരിക അവശത നേരിടുന്ന ശ്രീ. സിജു കാലുകൾക്ക് പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടിട്ടുള്ളയാളാണെന്നും കൈകൾക്ക് നാമമാത്ര ചലന ശേഷി മാത്രമാണുള്ളതെന്നും പരസഹായമില്ലാതെ സംഘങ്ങളിൽ ഓഡിറ്റിനു പോകുന്നതിനും രജിസ്റ്ററുകൾ എടുത്ത് പരിശോധിക്കുന്നതിനും ഓഡിറ്റ് നടത്തുന്നതിനും ടിയാന് ബുദ്ധിമുട്ടുകൾ നേരിടുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു. ജൂനിയർ കോ-ഓപ്പറേറ്റീവ് ഓഡിറ്റർ തസ്തികയിൽ ശ്രീ. സിജു. ജെ. യുടെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് റിവേർഷൻ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ശ്രീ.സിജു.ജെ -യെ സമാന ശമ്പള സ്കെയിലിലുള്ള കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ കോ -ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തികയിൽ അനുയോജ്യമായ തസ്തികയിൽ നിയമനം നൽകുന്നതിനും ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശ്രീ.സിജുവിന് ലഭ്യമാക്കേണ്ടതാണെന്ന് ഉറപ്പുവരുത്തുന്നതിനും സഹകരണ സംഘം രജിസ്ട്രാർക്ക് 26/07/2019 ലെ സ.ഉ. (അ) നം. 84/2019 സഹ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു..

3. ബഹു. കേരള നിയമസഭയുടെ സ്ത്രീകളുടേയും ട്രാൻസ് ജെന്ററുകളുടേയും കുട്ടികളുടേയും ഭിന്ന ശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ

ശ്രീ.സിജു വിന്റെ പിതാവ് ശ്രീ. പി. ജയദേവൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിൽ 90% ശാരീരിക അവശത നേരിടുന്ന തന്റെ മകന് RPWD Act പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അനുയോജ്യമായ തസ്തികയിൽ കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. സഹകരണ സംഘം രജിസ്ട്രാർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ.സിജു വിന് പതിമൂന്നാം വയസ്സു മുതൽ Muscular Dystrophy എന്ന ജനിതക രോഗത്തിന്റെ ലക്ഷണങ്ങൾ ഉണ്ടായിരുന്നുവെന്നും കാലക്രമേണ ഈ അസുഖം മൂർച്ഛിച്ചുവരുകയും നിലവിൽ 90% ശാരീരിക അവശതയുള്ള 'Quadriparesis' എന്ന രോഗം കാരണം കാലുകൾക്ക് പൂർണ്ണമായും കൈകൾക്ക് ഭാഗികമായും ചലനശേഷി നഷ്ടപ്പെട്ട അവസ്ഥയിലാണെന്നും 2003 -ലും 2010 -ലും മെഡിക്കൽ ബോർഡ് പരിശോധിച്ച് " He is having 90 percentage of permanent Severe disability due to Distal Muscular Dystrophy with Quadriparesis" എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. 2016 -ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അംഗപരിമിതൻ എന്ന നിലയിൽ 20 (4) വകുപ്പ് അനുശാസിക്കുന്ന പ്രകാരമുള്ള സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചു നൽകുവാനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ഇക്കാര്യത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെയും ധന വകുപ്പിന്റേയും അഭിപ്രായം തേടിയിരുന്നു. പ്രസ്തുത വകുപ്പുകൾ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി:-

(i) <u>സാമൂഹ്യ നീതി വകുപ്പ്</u>

" 2016 -ലെ ഭിന്നശേഷി അവകാശ നിയമം 20 -ാം വകുപ്പ് ചുവടെ പറയും പ്രകാരമാണ്.

20. Non discrimination in employment.—({1) No Government establishment shall discriminate against any person with disability in any matter relating to employment:

Provided that the appropriate Government may, having regard to the type of work carried on in any establishment, by notification and subject

to such conditions, if any, exempt any establishment from the provisions of this section.

(2) Every Government establishment shall provide reasonable accommodation and appropriate barrier free and conducive environment to employees with disability.

(3) No promotion shall be denied to a person merely on the ground of disability.

(4) No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service:

Provided that, if an employee after acquiring disability is not suitable for the post he was holding. shall be shifted to some other post with the same pay scale and service benefits:

Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier.

ആയതിനാൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം 20(4) ലെ പ്രൊവിസോ പ്രകാരം ശ്രീ.സിജുവിന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണെന്ന വിവരം സഹകരണ വകുപ്പിനെ അറിയിക്കുന്നു."

( ii). **<u>ധന വകുപ്പ്</u>**

"2016-ലെ ഭിന്നശേഷി അവകാശ നിയമം 20(4) പ്രകാരം സർവീസിലിരിക്കെ തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത തരത്തിൽ അവശത നേരിടുന്ന ഉദ്യോഗസ്ഥനെ ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും നിലനിർത്തി മറ്റേതെങ്കിലും തസ്തികയിൽ നിയമിക്കുകയോ, ഒരു തസ്തികയുടെയും ചുമതല നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽ സാഹചര്യത്തിൽ ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെയും സാമൂഹിക നീതി വകുപ്പിന്റെയും റിമാർക്സിൻ പ്രകാരവും 90% വികലാംഗനായ ശ്രീ. സിജുവിന് ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും നിലനിർത്തി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നതിനുള്ള അനുമതി നല്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നതോടൊപ്പം പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്നും അറിയിക്കുന്നു. കൂടാതെ അത്തരത്തിൽ സൃഷ്ടിക്കുന്ന തസ്തിക ടിയാന്റെ വിരമിക്കൽ തീയതി പ്രാബല്യത്തിൽ റദ്ദ് ചെയ്യേണ്ടതാണെന്ന് ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിൽ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണെന്നും കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. സഹകരണ വകുപ്പിൽ കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.സിജു ജെ.യ്ക്ക് തന്റെ തസ്തികയിലെ കർത്തവ്യം നിർ വഹിക്കാൻ കഴിയാത്ത തരത്തിൽ ശാരീരിക അവശത നേരിടുന്ന സാഹചര്യത്തിൽ, The Rights of persons with disabilities Act 2016, സെക്ഷൻ 20 (4) - ലെ വ്യവസ്ഥ പ്രകാരം ടിയാന്റെ ശമ്പളവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് ടി ജീവനക്കാരന്റെ വിരമിക്കൽ തീയതിവരെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവീസിൽ നിലനിർത്തുന്നത് ഉചിതമാണെന്ന് കാണുന്നു.

6. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കുന്ന ശ്രീ.സിജു ജെ.യ്ക്ക് തന്റെ തസ്തികയിലെ കർത്തവ്യം നിർവഹിക്കാൻ കഴിയാത്ത തരത്തിൽ ശാരീരിക അവശത നേരിടുന്ന സാഹചര്യത്തിൽ, പ്രസ്തുത ഓഫീസിൽ ഒരു സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തിക ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിലെ വകുപ്പ് 20 (4) ലെ വ്യവസ്ഥ പ്രകാരം ശമ്പളവും മറ്റ് സേവന ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് വിരമിക്കൽ തീയതിവരെ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് അനുമതി നൽകാമോ;